# ജാനു ആദിവാസി നേതാവോ ?

കെ. പാനൂർ

മാധ്യമങ്ങളും, വിദേശഫണ്ടു വാങ്ങി പ്രവർത്തിക്കുന്ന ക്യസ്ത്യൻ മിഷിനറികളുമായി ബന്ധമുള്ള സന്നദ്ധ സംഘടനകളും അങ്ങിനെ ഘോഷിക്കുമ്പോൾ, വയനാട്ടിലെ ആദിവാസികൾക്ക് അവൾ മറ്റൊരാളാണ്. ആദിവാസികൾക്കു വേണ്ടി ഒരു ചെറുവിരൽ പോലുമനക്കാതെ ഫണ്ട് വാങ്ങുന്ന ഏജൻസികൾക്കു വേണ്ടി ആദിവാസി പ്രതിനിധിയായി അവർ വേഷമിടുന്നു. ജാനുവിന്റെ രംഗ പ്രവേശം സി. പി. എം എന്ന രാഷ്ട്രീയ സംഘടനക്ക് വേണ്ടി ആദിവാസികളെ അക്ഷരമഭ്യസിപ്പിക്കുക എന്ന തകർപ്പൻ തട്ടിപ്പിലൂടെയായിരുന്നു. ജാനു വയോജനവിദ്യാഭ്യാസത്തിനു വേണ്ടി ആദിവാസികളെ സംഘടിപ്പിക്കുന്ന ആളായി. സി. പി. എം കാരെയല്ലാത്തവരെയൊന്നും ജാനുവിന് കിട്ടിയില്ല എന്നത് മറ്റൊരു കാര്യം. എന്നാലും സ്കൂളിൽ പോയിട്ടില്ലാത്ത, അക്ഷരം അറിയാത്ത ജാനു എഴുതാനും വായിക്കാനും പഠിച്ചു എന്നൊരു നേട്ടം അതുകൊണ്ടുണ്ടായി.

## ജാനുവിന്റെ സമര നാടകത്തിന്റെ തുടക്കം.

സോളിഡാരിറ്റി എന്ന വിദേശ ഫണ്ടു വാങ്ങി നടത്തുന്ന സംഘടന അവളെ തുറുപ്പു ചീട്ടാക്കി; കൂടുതൽ പണം വാരൻ ഉപയോഗപ്പെടുത്തി. ജാനുവിന് വഴി തെളിഞ്ഞു കിട്ടി. സോളിഡാരിറ്റിക്കാർ മാധ്യമങ്ങൾക്ക് മുന്നിൽ അവളെ ആദിവാസികളുടെ പേരിൽ കടലാസു സംഘടനയുണ്ടാക്കി അതിന്റെ നേതാവാക്കി അവതരിപ്പിച്ചു. ആദിവാസി പ്രശ്നങ്ങളോട് ആത്മാർത്ഥമായി താല്പര്യമുണ്ടായിരുന്ന പത്രപ്രവർത്തകർ അതേറ്റു പിടിച്ചു. ആദിവാസി പ്രശ്നങ്ങളുയർത്തി ജാനുവിനെ കൊണ്ട് സോളിഡാരിറ്റി നടത്തിച്ച സമരം വിവാദമാക്കാനും അവർക്ക് കഴിഞ്ഞു. ജാനുവിനേയും കൂട്ടരേയും അറസ്റ്റു ചെയ്യിച്ചു. പത്രവാർത്തകളിൽ ജാനു നിറഞ്ഞു നിന്നു. അതിനു മുമ്പ് സോളിഡാരിറ്റി ഇന്ത്യയൊട്ടുക്കുമുള്ള ആദിവാസികളുടെ ഒരു സംഗമം സംഘടിപ്പിച്ചിരുന്നു. ഒരു ആദിവാസി കാർണിവൽ എന്ന് തന്നെ പറയാം. ജാനുവിനെ വയനാട്ടിലെ ആദിവാസി നേതാവായി വാഴിക്കുന്നതും മുന്നിൽ നിർത്തുന്നതും ഈ സംഭവത്തിലാണ്. അന്ന് അതിൽ പങ്കെടുക്കാനെത്തിയ വിദേശ പ്രതിനിധിയായ സായിപ്പിനെ സോളിഡാരിറ്റിയുടെയും, ജാനുവിന്റെയും തട്ടിപ്പറിയാവുന്ന വയനാട്ടിലെ ആദിവാസികളും മറ്റുള്ളവരും ചേർന്ന് തല്ലിയത് വലിയ കോലാഹലമുണ്ടാക്കിയിരുന്നു. ആ സായിപ്പ് വെറും ടൂറിസ്റ്റാണെന്ന് സോളിഡാരിറ്റിക്കാർ വാദിച്ചെങ്കിലും അയാളെ പ്രകടനത്തിനു മുന്നിൽ എഴുന്നള്ളിച്ചപ്പോഴാണ് പ്രശ്നമുണ്ടായത്. ഇതിനു മുമ്പ് തന്നെ സി. പി. എം -ൽ ആദിവാസി നേതാവാകാൻ ജാനു ശ്രമം നടത്തുകയും സി. പി. എം അവളെ ആട്ടി അകറ്റുകയും ചെയ്തിരുന്നു. സി. പി. എം ഇല്ലാതെ ജാനു നേതാവാകുന്നത് കാണണോ എന്ന് സി. പി. എം. കാരെ ജാനു വെല്ലുവിളിച്ചു. പത്ത് ആദിവാസികളുടെ തല ജാനുവിന്റെ പുറകിൽ കാണില്ലെന്ന് സി. പി. എം. തിരിച്ചടിച്ചു. വിദേശ ഫണ്ടു വാങ്ങുന്ന സംഘടനകൾ വഴി നേട്ടമുണ്ടാക്കാമെന്ന് ജാനു ഇതിനോടകം മനസ്സിലാക്കിയിരുന്നു. അവളുടെ പബ്ലിക് റിലേഷൻ സോളിഡാരിറ്റിയും അവളുടെ കൂടെ നിൽക്കുന്ന സംഘടനകളും ഏറ്റെടുത്തതോടെ ജാനു പത്ര മാധ്യമങ്ങളിൽ നിറയാൻ തുടങ്ങി. ദൃശ്യ മാധ്യമങ്ങളും (പ്രത്യേകിച്ച് ഏഷ്യാനെറ്റ്) അതേറ്റു പാടി. ജാനു മാധ്യമങ്ങളിൽ നിറയുമ്പോൾ ഇത്തരം സംഘടനകൾ പണം കൊയ്യുകയായിരുന്നു.

(വിദേശത്ത് നിന്നും) ഇത്തരം കളികൾക്ക് വയനാട്ടിലെ മറ്റ് ചില വിദേശ ഫണ്ട് ലഭിക്കുന്ന സംഘടനയിൽ രഹസ്യമായി പ്രവർത്തിക്കുന്ന പത്ര പ്രവർത്തകരും കൂട്ടിനുണ്ടായിരുന്നു. വൈകിയാണെങ്കിലും സത്യം മനസ്സിലാക്കിയ പത്രങ്ങൾ ഉണർന്ന് പ്രവർത്തിച്ചത് കൊണ്ട് ഹിൽഡ എന്ന സംഘടനയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ 50- ലക്ഷത്തിന്റെ പദ്ധതി പൊളിഞ്ഞു. ആദിവാസികൾക്ക് (വയനാട്ടിലെ) മുഴുവനും എയ്ഡ്സാണെന്നും അവരെ പുനരധിവസിപ്പിക്കണമെന്നും പറഞ്ഞുള്ളതായിരുന്നു പദ്ധതി. പത്രവാർത്തകൾ അത് പുറത്ത് കൊണ്ട് വന്നതോടെ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു.

വിജിൽ ഇന്ത്യ, പി. യു. സി. എൽ തുടങ്ങിയ സംഘടനകൾ സെമിനാറുകൾ സംഘടിപ്പിച്ച് ജാനുവിനെ ആദിവാസി പ്രതിനിധി എന്ന നിലക്ക് വിളിച്ച് പ്രസംഗിപ്പിച്ചു. സോളിഡാരിറ്റി ചൊല്ലി പഠിപ്പിച്ച നാലു വരി പ്രസംഗം. "സാമൂഹികമായും സാംസ്കാരികമായും അധഃപ്പതിച്ച ആദിവാസികൾ കഷ്ടപ്പെടുന്നു. കുഴിച്ചിടാൻ ആറടി മണ്ണില്ല. അതിന് വേണ്ടിയാണ് ആദിവാസി സമരം സംഘടിപ്പിക്കുന്നത്." ഇതായിരുന്നു ജാനുവിന്റെ പ്രസംഗത്തിലെ ഒരു പ്രധാന വരി. ഇതുതന്നെ എല്ലായിടത്തും വർഷങ്ങളോളം ജാനു പ്രസംഗിച്ചു. അതായത് ജാനു എന്താണ് പറയുന്നതെന്ന് ജാനുവിന് തന്നെ അറിയില്ല എന്നർത്ഥം. സത്യത്തിൽ സാമൂഹികമായും, സാംസ്കാരികമായും ഉന്നത നിലവാരം പുലർത്തുന്ന ആദിവാസികൾക്ക് നിലനിൽപ്പിന് വേണ്ടി അവരുടെ നഷ്ടപ്പെട്ട ഭൂമി ~~നേടുകയായിരുന്നില്ല~~ വീണ്ടെടുക്കുകയായിരുന്നു ആവശ്യം. അല്ലാതെ അവരെ കുഴിച്ചിടാനുള്ള, വലിയ ഒരു ശ്മശാനമുണ്ടാക്കി കിട്ടാനാണെങ്കിൽ വലിയൊരു സമരത്തിന്റെ ആവശ്യമില്ലല്ലോ!. ഇത്തരം സെമിനാറുകളിലൂടെ ജാനുവിനെ പുറം ലോകം അറിയുന്നുവെന്ന് വന്നു. ആദിവാസി ഏകോപന സമിതി എന്ന പേരിൽ കടലാസ് സംഘടനയുണ്ടാക്കാൻ ഇത്രയും മതിയായിരുന്നു. ആദിവാസി ഏകോപന സമിതിയുടെ പ്രസിഡണ്ടായി ജാനുവിന്നെ അവതരിപ്പിച്ചത് സോളിഡാരിറ്റിയുടെ നേതൃത്വത്തിലായിരുന്നു. അങ്ങിനെ പ്രസിഡണ്ടെന്ന നിലയിൽ ദൽഹിയിലും, യൂറോപ്പിലും ജാനു ചുറ്റി സഞ്ചരിച്ചു. ഒരിക്കലല്ല. പല തവണ. (ചുരുക്കത്തിൽ ജാനു ആദിവാസി മേഖല വിട്ട് നഗരത്തിലിറങ്ങി), സാമൂഹിക, മനുഷ്യാവകാശ പ്രവർത്തകർ എന്ന് സ്വയം ലേബലണിഞ്ഞവരുമുണ്ടായിരുന്നു കൂടെ. ഇത്തരം ലേബലണിഞ്ഞ പ്രാദേശിക സാമൂഹിക പ്രവർത്തകർ ഇതിനോടകം തന്നെ സമൂഹത്തിന് ബാദ്ധ്യതയായി തീർന്നവരായിരുന്നു. വിവിധ സംഘടനകളുടെ പ്രതിനിധികളായ ഇവർ ജാനുവിന് വേണ്ടി കടിപിടി കൂടി. ജാനു ആരേയും പിണക്കിയില്ല. ഓരോരുത്തരുടെ അടുത്ത് വേണ്ടത് പോലെ നിന്ന് പണം വാരി. അതിലേറെ പ്രശസ്തിയും. കൂടാതെ ജാനു, അവളെ ആദിവാസികളുടെ പേരിൽ സഹായിച്ച് പോന്ന പത്ര പ്രവർത്തകരിൽ ചിലരേയും വല്ലാതെ പിഴിഞ്ഞു. (ഇതിൽ മരിച്ചു പോയ ജയചന്ദ്രൻ എന്ന പ്രശസ്തനായ പത്രപ്രവർത്തകനും പെടും.)ജാനുവിനെ മാധ്യമങ്ങളിൽ നിറച്ച് നിർത്താൻ ജാനുവിന്റെ ഗോഡ്ഫാദർമാരായി നിൽക്കുന്ന സോളിഡാരിറ്റിയിലെ ജോസ് സെബാസ്റ്റ്യൻ, നാരായണൻ, [redacted] എ. സി. വർക്കി എന്നിവർ വേണ്ടതെല്ലാം ചെയ്യുകയായിരുന്നു.

ജാനു ആരാണെന്ന് ആത്മാർത്ഥമായും അറിയാനാഗ്രഹിക്കുന്നവർ തിരുനെല്ലിയിലും ജാനുവിന്റെ നേതൃത്വത്തിൽ എന്ന് ജാനുവും അല്ലെന്ന് മറ്റുള്ളവരും പറയുന്ന, ആദിവാസികൾ പിടിച്ചെടുത്ത മാനന്തവാടിക്കടുത്തുള്ള പനവല്ലി എന്ന കോളനി ഒന്ന് സന്ദർശിക്കുക.

-അതിന് മുമ്പ് ഒരല്പം ജാനുവിന്റെ സ്വകാര്യ ജീവിതത്തിലേക്ക്-

ജാനു എന്ന ആദിവാസി പെണ്ണിനെ (അടിയവർഗ്ഗം) വിവാഹം ചെയ്തത് കൃഷ്ണൻ കുട്ടി എന്ന്പേരുള്ള ഒരു തയ്യൽ കാരനാണ്. (ആദിവാസിയല്ല) അതിൽ രണ്ട് പെൺകുട്ടികൾ. ഒന്ന് ജാനുവിനോടൊപ്പം, പേര് പൊന്നി. ബുദ്ധിയുണ്ടെങ്കിലും പോഷകം കിട്ടാതെ വളർന്നതിന്റെ മുരടിപ്പും, വൈകല്ല്യവും പേറുന്ന ഏതാണ്ട് 25 വയസ്സ് തോന്നിക്കുന്ന യുവതി. രണ്ടാമത്തെ കുട്ടി കൃഷ്ണൻകുട്ടിയോടൊപ്പം. എന്നാൽ ജാനു വിവാഹിതയാണെന്നോ, രണ്ട് കുട്ടികളുടെ അമ്മയാണെന്നോ ഇപ്പോഴും 31 വയസ്സാണെന്ന് പറയുന്ന ജാനു സമ്മതിക്കുന്നില്ല. ജാനു, കുഞ്ഞുങ്ങൾ ചെറുതായപ്പോൾ തന്നെ ഭർത്താവിനേയും ഉപേക്ഷിച്ചു എന്നാണ് എല്ലാവരും പറയുന്നത്. കുട്ടിക്കാലത്ത് മൂത്ത കുട്ടിയും (പൊന്നി) കൃഷ്ണൻ കുട്ടിയോടൊപ്പമായിരുന്നത്രേ. പൊന്നിയെ ആരോ ഇടവഴിയിൽ ഉപേക്ഷിച്ച നിലയിൽ കിട്ടിയതാണെന്ന് ജാനു പറയുന്നു. ജാനുവിന്റെ ആരാണ് നീ എന്ന് ചോദിച്ചാൽ പൊന്നി ഭയപ്പാടോടെ ഒന്ന് വിളറിച്ചിരിക്കും. തിരുനെല്ലിയിലെ ജാനുവിന്റെ പേരിലുള്ള 65 സെന്റ് സ്വന്തം സ്ഥലം ജാനു അച്ഛന്റെ അനുജനെ പറ്റിച്ച് സ്വന്തമാക്കിയതാണെന്ന് ആ നാട്ടിൽ എല്ലാവർക്കുമറിയാം.(ഇത് പനവല്ലിൽ പിടിച്ചെടുത്തതിന് പുറമെയാണ്)

## പനവല്ലിൽ നടക്കുന്നതെന്ത് ?

നിരന്തരം പത്ര സമ്മേളനങ്ങളും പ്രസ്താവനകളും ഇറക്കുന്ന ജാനുവിന്റെ നേട്ടം [illegible], അതായത് 96 - 99 - കാലയളവിൽ, പന വല്ലിയിലെ പത്തേക്കർ കുന്നിൽ കുടിയേറാൻ തുടങ്ങിയ ഭൂമിയില്ലാത്ത ആദിവാസികൾക്കൊപ്പം കൂടി എന്നത് മാത്രമായിരുന്നു. ഗവൺമെന്റിന്റെ നിക്ഷിപ്ത ഭൂമിയാണ് അതെന്നായിരുന്നു, ജാനു പറഞ്ഞത്. എന്നാൽ അത് ജാനു പറയുന്നത് പോലെ നിക്ഷിപ്ത വന ഭൂമിയല്ല. അത് മാനന്തവാടിയിലെ ഒരു ഭൂ പ്രഭുവായ ജോർജ്ജ് എന്ന ആളിന്റെ സ്വകാര്യ ഭൂമിയായിരുന്നു. ഗവൺമെന്റ് അത് മിച്ചഭൂമിയായി പിടിച്ചെടുക്കാൻ ശ്രമിച്ചെങ്കിലും ജോർജ്ജ് ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചു. കേസ് സുപ്രീം കോടതിയിൽ നിലനിൽക്കുമ്പോഴാണ് ആദിവാസികൾ കയ്യേറുന്നത്.ജോർജ്ജിന് അനുകൂലമായി സുപ്രീം കോടതി വിധി വരികയും ചെയ്തു. തരിശ് കിടന്ന മണ്ണ് ആദിവാസികൾ ഊർവ്വരമാക്കി. എല്ലാ വിഭവങ്ങളും ഇന്ന് ആസ്ഥലത്തുണ്ട്. 3 സെന്റ് മുതൽ 15 സെന്റ് വരെ ഭൂമി ഓരോ കുടുംബത്തിനും കിട്ടിയപ്പോൾ ജാനു 15 സെന്റ് വീട് വെക്കാനും ഒരേക്കർ ഇഞ്ചികൃഷിക്കുമായി പിടിച്ചെടുത്തു. ആറ് വർഷങ്ങൾ കൊണ്ട് ജാനു ഇഞ്ചി കൃഷിയിലൂടെ ലക്ഷങ്ങൾ നേടി. അവിടെ 72 കുടുംബങ്ങൾ താമസിക്കുന്നു. ഈ കുടുംബങ്ങൾക്ക് ജാനു ഒരു പേടി സ്വപ്നമാണ്. കാരണം ജാനുവിന് ഓരോ കുടുംബവും 100 രൂപ വെച്ച് ആഴ്ച്ച തോറും കൊടുത്ത് വരികയാണ്. ജാനു ഉണ്ടാക്കിയ ഈ അലിഖിത നിയമം ലംഘിക്കാൻ അവർക്ക് ധൈര്യമില്ലായിരുന്നു. ഈ നിർബന്ധിത പിരിവിനെതിരെ നാലു (1999)വർഷങ്ങൾക്ക് ശേഷം പനവല്ലി കോളനിയിൽ ബാലൻ, കേശവൻ എന്നിവരുടെ നേതൃത്വത്തിൽ സംഘടിതരായി. (ജാനുവിന്റെ ആജ്ഞാനുവർത്തികളായ രണ്ട് മൂന്ന് കുടുംബങ്ങളൊഴികെ.) ജാനുവിന് പണം നൽകുന്നത് 50 രൂപയാക്കി (ആഴ്ച്ചയിൽ) കുറച്ചു. തരിശ് കിടന്ന ഭൂമി നന്നാക്കിയെടുക്കാൻ ജോർജും, എന്നും വിദേശസഞ്ചാരം നടത്തുന്ന ജോസ് സെബാസ്റ്റ്യനും, സോളിഡാരിറ്റിയും ജാനുവും ചേർന്ന് നടത്തിയ ഒരു തട്ടിപ്പ് പിടിച്ചെടുക്കാലായിരുന്നോ ഇതെന്ന് സംശയിക്കണം.

ജാനു ഭീഷണി മുഴക്കുന്നത്, "കോടതി വിധിയുണ്ട്. ഇറക്കി വിടും എല്ലാത്തിനേയും ഈ കോളനിക്ക് വേണ്ടി ഞാൻ കേസ് നടത്തുകയാണ്. അതിന് പണം

വേണം" എന്നൊക്കെയാണ്. ഓരോ യാത്ര കഴിഞ്ഞ് ജാനു വരുന്നത് ഇവർക്ക് പുത്തൻ ഭീഷണികളുമായാണ്.

ജാനു വിന്റെ യാത്രയെ കുറിച്ച്, കോളനി നിവാസികൾ ഇങ്ങിനെ പറയുന്നു. "കുറെ കത്തുകൾ വരും. അതെല്ലാം വായിച്ച് ചിലപ്പോൾ അന്ന് തന്നെ, അല്ലെങ്കിൽ പിറ്റെ ദിവസം രാവിലെ ഒരു പോക്കാണ്. ആരോടും ഒന്നും പറയില്ല. മൂന്ന് നാല് ദിവസം അല്ലെങ്കിൽ ഒരു ആഴ്ച്ച തികയുമ്പോൾ കാറിലോ, ജീപ്പിലോ വന്നിറങ്ങും. പലപ്പോഴും അർദ്ധ രാത്രിയിലാവും വരിക. കൂടെ ഏതാനും ആളുകളെ കാണാം. വന്നയുടൻ ജാനു വിന്റെ ആജ്ഞാനുവർത്തികളായ ആദിവാസികളെയും കൂട്ടി കോളനിയിലെ വീടുകൾ തോറും കയറിയിറങ്ങി പിരിവ് നടത്തും. ആഴ്ച്ച പിരിവ് കൂടാതെ ജപ്തി ഓർഡറിന് സ്റ്റേവാങ്ങിച്ചത്, വക്കീലിന് കൊടുത്തത്, യാത്ര ചെലവ്, എന്നിങ്ങനെ കണക്കുപറഞ്ഞ് വേറെയും വാങ്ങും. എവിടെ പോയതാണെന്ന് ചോദിച്ചാൽ മിക്കവാറും ഡൽഹിയിൽ എന്നായിരിക്കും മറുപടി. 100 -200 സാരികൾ പലപ്പോഴായി കൊണ്ട് വന്ന് കോളനിയിൽ വിൽക്കും. 100 - 150രൂപ കൊടുക്കണം. ഇതിന്റെ ലാഭവും കേസിനുള്ളതാണെത്രെ. അക്ഷരമറിയാത്ത ആദിവാസി സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും മുന്നിൽ ജാനു പറയും. "ഞാൻ ഇന്നലെ മന്ത്രിയെ കണ്ടു. അയാളോട് ആദിവാസിയെ രക്ഷിക്കാൻ കഴിവില്ലെങ്കിൽ കിളക്കാൻ പോയിക്കൂടെ എന്ന് ഞാൻ ചോദിച്ചു". ഇങ്ങനെയൊക്കെ ജാനു പറയുമ്പോൾ ജാനുവിന്റെ സ്വാധീന ശക്തിയെ കുറിച്ച് ആദിവാസികൾ മറിച്ച് ചിന്തിക്കുകയേ ഇല്ല.

ജാനുവിനോടൊപ്പം പനവല്ലി പിടിക്കാൻ കൂടെ നിന്നവരാണ് മേൽ പറഞ്ഞ കേശവനും, ബാലനും. സന്നദ്ധ സംഘടനകളും, മാധ്യമങ്ങളും വഴി സമൂഹത്തിൽ പ്രതിഷ്ഠ നേടിയ ജാനുവിനെ നേരിടാൻ അവർക്കായില്ല. ജാനുവിന്റെ ചെയ്തികളെ ചെറുതായൊന്ന് വിമർശിച്ചാൽ പോലും, അത് ആദിവാസി സമരം പൊളിക്കാനുള്ള ഗൂഡാലോചനയുടെ ഭാഗമാണെന്ന് ചിത്രീകരിച്ച് അതും തന്റെ പരസ്യത്തിനായി ജാനു ഉപയോഗിച്ചു.ചുരുക്കത്തിൽ ലോകം എന്തെന്ന് അറിയാത്ത ആദിവാസികളെ അവൾ ചുരുട്ട് പോലെ വലിച്ച് തീർക്കുകയാണ്. അവരിൽ അവശേഷിക്കുന്ന വീര്യവും, പതുക്കെ മുളച്ച് തുടങ്ങിയ പ്രതികരണ ശേഷിയും എരിച്ച് അവൾ ലഹരി കൊള്ളുകയാണ്. എക്കാലത്തും രാഷ്ട്രീയ കക്ഷികൾ ആദിവാസികളോട് ചെയ്ത് പോന്നതിനേക്കാൾ തന്ത്ര പരമായി, മൃദുവായി ജാനു ആദിവാസിക്ക് എതിരായി ഒരു ചെക്കുത്താനായി വളർന്നിരിക്കുന്നു.

ഒരു വ്യക്തി എന്ന നിലയിൽ പോലും, വയനാട്ടിലെ ആദിവാസികൾ പ്രത്യേകിച്ചും, പനവല്ലിയിലെ ആദിവാസികൾ ജാനുവിനെ അംഗീകരിക്കുന്നില്ല. അവിടെ ചിലരുടെ സ്വകാര്യ ജീവിതത്തിൽ പോലും ജാനു പ്രശ്നങ്ങളുണ്ടാക്കുന്നു. ശാന്ത എന്ന ആദിവാസി യുവതിയെ സദാചാര കുറ്റം ചുമത്തി പനവല്ലി കോളനിയിൽ നിന്നും, ജാനുവും സംഘവും മൂന്ന് തവണ അടിച്ചിറക്കി.

കേശവൻ എന്ന മേൽ പറഞ്ഞ ആദിവാസി നേതാവിന്റെ പേര് ചുമത്തിയായിരുന്നു, സദാചാര കുറ്റം ചുമത്തൽ. വളരെ കുഞ്ഞിലെ അച്ഛനും അമ്മയും മരിച്ച ശാന്തക്ക് ആകെ ഉണ്ടായിരുന്നത് ഒരുചേച്ചി മാത്രമായിരുന്നു. ഭർത്താവിനെ സ്വന്തം കൺമുന്നിൽ വെച്ച് ആന ചവിട്ടി കൊല്ലുന്നത് കണ്ട് ചേച്ചി ഭ്രാന്തിയായി. നാട്ടുകാർ ചേർന്ന് ശാന്തയെ ഒരാളെ കൊണ്ട് വിവാഹം കഴിപ്പിച്ചെങ്കിലും ശാന്ത ഗർഭിണിയായിരിക്കെ, ഭർത്താവ് ടി. ബി. പിടിച്ച് മരിച്ചു. ഒരു തുണ്ട് ഭൂമി

പോലുംശാന്തക്കോ, ചേച്ചിക്കോ സ്വന്തമായി ഇല്ലായിരുന്നു. ആരോഗ്യവതിയും, അദ്ധ്വാന ശീലയുമായ ശാന്ത തന്റെ കുഞ്ഞിനേയും ചേച്ചിയേയും സംരക്ഷിച്ചു. തുർന്നുണ്ടായ ചേച്ചിയുടെ മരണം ശാന്തയെ തികച്ചും അനാഥയാക്കിയതോടെ കുഞ്ഞുമായി അവർ പനവല്ലിയിലെത്തി. കേശവന്റെ ഭാര്യയുമായി നേരത്തെ സൗഹൃദത്തിലായിരുന്ന ശാന്തയെ പനവല്ലിയിൽ 3 സെന്റ് സ്ഥലത്ത് കുടില് വെക്കാൻ സഹായിച്ചത് കേശവനായിരുന്നു. പനവല്ലി കോളനിയിൽ കേശവന് ആൾബലമുണ്ടാവുന്നത് തടയാനോ, ജാനുവിന്റെ കളികളോട് സഹകരിക്കാത്തതോ ആവാം, ജാനു കേശവന്റെ ഭാര്യയോട് ശാന്തയേയും കേശവനേയും വെച്ച് കഥകൾ മെനഞ്ഞ് പറഞ്ഞു കൊടുത്തു. അത് കോളനിയിൽ വലിയ കലാപമുണ്ടാക്കി. അവരുടെ കുടുംബകലഹം സത്യം മനസ്സിലാക്കിയതോടെ തീർന്നെങ്കിലും കോളനിയിൽ വേറെയും കുടുംബ ശൈഥില്ല്യങ്ങൾ ഉണ്ടാക്കാൻ ജാനുവിന് കഴിഞ്ഞു.

ചന്ദ്രൻ എന്നയാൾ ജാനുവിന്റെ സഹപ്രവർത്തകനായിരുന്നു. എന്നാൽ ചന്ദ്രന്റെ ഭാര്യ ജാനുവിനെ അനുസരിച്ചില്ല. ചന്ദ്രനെ കൊണ്ട് ജാനു, ജാനുവിന്റെ വീട്ടിൽ വെച്ച് ആഘോഷമായി മറ്റൊരു കല്ല്യാണം കഴിപ്പിച്ചു. ചന്ദ്രന്റെ ഭാര്യയും രണ്ട് കൊച്ചു കുഞ്ഞുങ്ങളും നോക്കി നിൽക്കെ അവിടെ കല്ല്യാണം നടന്നു. ചന്ദ്രന്റെ ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും ആരുമില്ലാതായി. ഇങ്ങിനെ വളരെയധികം ഉദാഹരണങ്ങൾ പനവല്ലിയിൽ നിങ്ങൾക്ക് കാണാം പണിയില്ലാത്ത കോളനിയിലെ ആദിവാസികൾ ജാനുവിന് ദാദാപണം കൊടുക്കുവാൻ പോലും കഴിയാതെ നട്ടം തിരിയുമ്പോൾ, ജാനു പനവല്ലിയിലെ സ്വന്തം ഇഞ്ചിതോട്ടത്തിൽ പണിയെടുക്കാൻ തിരുനെല്ലിയിൽ നിന്നും ആദിവാസികളല്ലാത്തവരെ കൊണ്ടു വരുന്നു. ജാനു വിലകൂടിയ സാരിയുടുത്ത്, വാക്മാൻ ചെവിയിൽ വെച്ച് ഇഞ്ചിത്തോട്ടത്തിനു കരയിൽ ചാരു കസേരയിൽ ഇരിക്കുന്ന രംഗം ഫ്യൂഡൽ കാലഘട്ടത്തിലെ ഏതോ ഭൂ പ്രഭുവിനെ ഓർമിപ്പിക്കും വിധമാണ്. അടുത്തൊരു ഫ്ളാസ്ക്കിൽ ചായ പകർന്ന് കൊടുക്കാൻ വേലക്കാരി ! നാലു വളർത്തു നായ്ക്കൾ ചുറ്റിലും!! ആ കാഴ്ച ഒന്ന് കാണേണ്ടത് തന്നെ (ജയലളിത പോലും നാണിച്ചു പോകും).

ഉഷ (പേരിയ സ്വദേശി) എന്ന ടി. ടി. സി. പഠിച്ച ആദിവാസി പെൺകുട്ടി ജാനുവിന്റെ സഹ പ്രവർത്തകയായിരുന്നു. സന്തത സഹചാരിയായ ഉഷ ഒടുവിൽ ജാനുവിനെ ചാക്കിൽ കെട്ടി അടിച്ചു. ജാനു ആദിവാസികളുടെ പേരു പറഞ്ഞ് പണവും, പ്രശസ്തിയും ഉണ്ടാക്കുകയാണെന്നും, ജാനുവിനെ പോലെ ചിലർ തടിച്ചു വളർന്നതല്ലാതെ ആദിവാസികളുടെ പ്രശ്നം പ്രശ്നമായി തന്നെ നിലനിൽക്കുകയാണെന്നും, ജാനുവുമായി പിരിഞ്ഞതിനു ശേഷം ഉഷ പലരോടും പറയുകയും ചില പത്രങ്ങളിൽ ഈകാര്യം ചെറിയതായെങ്കിലും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

### ജാനുവിന്റെ രണ്ടാം സമര നാടകം

ഏറെക്കാലം ഒച്ചയില്ലാതെ കിടന്ന ജാനു വീണ്ടും സജീവമാകുന്നത് ഇടുക്കിയിലെ സമരത്തിലൂടെയാണ്. എഞ്ചിനിയറിംഗ് കോളേജിനുവേണ്ടി ഗവൺമെന്റ് ഏറ്റെടുത്ത ആദിവാസി ഭൂമി തിരിച്ച് നൽക്കണമെന്ന് ആവശ്യപ്പെട്ട്, അവിടെയുള്ളവരും ചില സംഘടനകളും ചേർന്ന് കോടതിയുടെ സഹായം തേടിയിരുന്നു. കോടതി വിധി ആദിവാസികൾക്ക് അനുകൂലമാവുകയും, ഭൂമി തിരിച്ച് ലഭിക്കുകയും ചെയ്തു. ഇവിടെയും കോടതി വിധി ആദിവാസികൾക്ക് അനുകൂലമാകുമെന്ന് മനസ്സിലാക്കിയ ജാനു സന്ദർഭം മുതലെടുക്കാൻ ഒടുവിൽ അവിടെയെത്തുന്നു. അവസാന നിമിഷം ജാനു വന്ന് നിരാഹാരം കിടന്ന് പബ്ലിസിറ്റി ഉണ്ടാക്കുകയും ചെയ്തു. ഫലത്തിൽ ജാനു

നടത്തിയ സമരമാക്കി മാറ്റി. ഈ സമരത്തിന്റെ ഒററ നേട്ടം മാത്രം കണക്കിലെടുത്ത് ജാനുവിനെ പട്ടിക ജാതി - പട്ടിക വർഗ്ഗ വകുപ്പ് മന്ത്രിയാക്കണം എന്ന് വരെ കേരളത്തിലെ ഒരു ബുദ്ധി ജീവി എഴുതി. അങ്ങിനെ സത്യമെന്തന്നറിയാതെ പത്രമാധ്യമങ്ങൾ വീണ്ടും അവളെ പുകഴ്ത്തുന്നു. വായനക്കാരെ വിഡ്ഢികളാക്കുന്നു. സന്നദ്ധ സംഘടനകളും ജാനുവും വീണ്ടും വീണ്ടും പണമുണ്ടാക്കുന്നു. വെള്ളമുണ്ടയിൽ ജാനുവിന് 9 ഏക്കർ സ്ഥലമുണ്ട്. പക്ഷെ അത് മറ്റാരുടേയോ പേരിലാണെന്ന് മാത്രം.

ജാനുവിന്റെ പേരിൽ വലിയ വോട്ടൊന്നും വരാനില്ലങ്കിലും പ്രതിപക്ഷത്തായപ്പോൾ മൊട്ടിട്ട് തുടങ്ങിയ തങ്ങളുടെ ആദിവാസി പ്രേമത്തിന്റെ പൊരുൾ ശത്രുക്കൾ പുറത്താക്കിയാലോ എന്ന് ഭയന്ന്, സി. പി. എമ്മിന്റെ കീഴിലുള്ള ആദിവാസി നേതാക്കൾ ജാനുവിന് പുറം ചൊറിഞ്ഞ് കൊടുക്കുകയാണിപ്പോൾ.

പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ ജാനു മത്സരിച്ച് തോറ്റത്, ബി. ജെ. പി. യും കോൺഗ്രസ്സും പിന്താങ്ങുന്ന സ്വതന്ത്ര സ്ഥാനാർത്ഥിയായിട്ടായിരുന്നു. വയനാട്ടിലെ ആദിവാസി ഭൂമിയിൽ ഏറ്റവും കൂടുതൽ കൈവശം വെച്ചിരിക്കുന്നത് ബി. ജെ. പിക്കാരുംകൃസ്ത്യാനികളടങ്ങുന്ന കോൺഗ്രസ്സുകാരുമാണ്. ഇതിൽ അമ്പലങ്ങളും, കൃസ്ത്യൻ പള്ളികളുമുണ്ട്. ആദിവാസി ക്ഷേമത്തിന്റെ പേരിൽ ഫണ്ട് നൽകുന്നത് വിദേശ ക്രൈസ്തവ മിഷിനറിമാരാണ്. എന്നാൽ ലക്ഷക്കണക്കിന് ഏക്കർ ഭൂമി കൃസ്ത്യൻ സഭകളുടെ കൈവശം ആദിവാസികളുടേതായുണ്ട്. കൃസ്ത്യൻ പള്ളികളും മഠങ്ങളും മറ്റ് സ്ഥാപനങ്ങളും ഇത്തരം ആദിവാസി ഭൂമിയിൽ പ്രവർത്തിച്ച് വരുന്നു. ഇവർക്ക് വേണ്ടിയാണ് ജാനു ആദിവാസികൾക്ക് വേണ്ടി എന്ന് തോന്നിപ്പിക്കും വിധത്തിൽസമരം നടത്തി പുകമറ സൃഷ്ടിക്കുന്നത്. പകരം ജാനു എന്ന ആദിവാസി സ്ത്രീക്ക് വളരാം. പണവും പ്രശസ്തിയും നേടാം എന്നതല്ലാതെ യഥാർത്ഥ ആദിവാസി പ്രശ്നങ്ങൾക്ക് ഒരിക്കലും പരിഹാരമാവില്ല. കോടിക്കണക്കിന് തുക വർഷാവർഷങ്ങളിൽ ഗവൺമെന്റ് ആദിവാസികൾക്ക് വേണ്ടി ചിലവഴിക്കുന്നുണ്ട്. ആദിവാസി ക്ഷേമത്തിന് നീക്കിവെച്ചിട്ടുള്ള ഫണ്ടുകൾ ഉദ്യോഗസ്ഥ വൃന്ദം കട്ടുമുടിക്കുകയാണ്. ആദിവാസികളുടെ ക്ഷേമത്തിന് അവരുടെ സംസ്കാരവും ചുറ്റുപാടുകളും തനിമയോടെ നില നിർത്തുന്നതിന് ഉതകുന്ന വിധം എന്തെങ്കിലുമൊരു പദ്ധതി ജാനുവിന് നിർദ്ദേശിക്കാൻ കഴിയുമോ.? ഇല്ല എന്നാണുത്തരം "ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടണം പണം" ഇതാണ് ജാനുവിന്റെ മുദ്രാവാക്യം.

ആദിവാസികളുടെ നിലനിൽപിന് വേണ്ടിയാണ് സമരം എന്ന് പറയുമ്പോൾ ജാനു വിഭാവനം ചെയ്യുന്നത് എന്താണ്? ആദിവാസികൾ ഗോത്രവർഗ്ഗമായി തന്നെ നിലനിൽക്കണമെന്നോ? അതോ ജാനുവിനെ പോലെ ആധുനിക വത്കരിക്കപ്പെടണം എന്നോ? പരിഷ്കൃത വർഗ്ഗത്തിന്റെ ജാഢയണിഞ്ഞ് അധികാര കസേരയിലെത്താൻ മത്സരിച്ച ജാനു, അവൾ മത്സരിച്ച മണ്ഡലത്തിലെ ആദിവാസികളല്ലാത്തവർക്ക് വാഗ്ദാനം ചെയ്തത് എന്തായിരിക്കും.? കുടിയേറ്റക്കാരായ വയനാട്ടിലെ ആളുകൾ അവരുടെ ജീവനും സ്വത്തും സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പുള്ളിടത്തല്ലെ നിൽക്കൂ. എല്ലാം ആദിവാസിക്ക് തിരിച്ച് കൊടുക്കണം എന്ന് പറയുന്നവരുടെ കൂടെ നിൽക്കുമോ.? അപ്പോൾ പാവം ആദിവാസികളെ ബലിയാടാക്കി ജാനു നിലകൊള്ളുന്നത് ആർക്ക് വേണ്ടിയാണെന്നും, ജാനുവിനെ നിലനിർത്തുന്നത് ആരാണെന്നും കുടിയേറ്റക്കാർക്കറിയാം എന്ന് വേണ്ടേ മനസ്സിലാക്കാൻ.

സെക്രട്ടറിയേറ്റിന് മുന്നിലെ സമര നാടകം

സെക്രട്ടറിയേറ്റിന് മുമ്പിൽ ജാനുവിനെ മുന്നിൽ നിർത്തി സമരം നടക്കുന്നത് സോളിഡാരിറ്റിയും അവരോടൊപ്പം നിൽക്കുന്ന സംഘടനകളുമാണ്. ആദിവാസി നേതാക്കളുടെ പേര് കാണേണ്ടിടത്ത് ജോസ് സെബാസ്റ്റ്യൻ, സണ്ണി കല്ലിക്കാട്, ഗീതാനന്ദൻ, വർക്കി, നാരായണൻ  തുടങ്ങിയവരെയാണ് കാണുന്നത്. കഴിഞ്ഞമന്ത്രി സഭയിലെ റവന്യു മന്ത്രിയായിരുന്ന കെ. ഇ. ഇസ്മായീൽ ആദിവാസികൾക്ക് പകരം ഭൂമി എന്ന ആശയം കൊണ്ട് വരികയും അത് ബിൽആക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇത് നടപ്പിലാക്കാൻ ജാനു അടക്കമുള്ള ആദിവാസികൾ സമ്മതിച്ചില്ല. ദൽഹി വരെ പോയി പത്രസമ്മേളനം വിളിച്ച് ഇത് നടപ്പിലാക്കരുതെന്ന് പറയുകയും രാഷ്ട്രപതിക്ക് നിവേദനം കൊടുക്കുകയും ചെയ്തു. എന്നാൽ ഇന്ന് കോൺഗ്രസ്സ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ജാനുവിന് അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ച് കിട്ടണമെന്ന ആവശ്യമില്ല. പകരം ഭൂമിയാണ് ആവശ്യം. ചുരുക്കത്തിൽ പള്ളിക്കാരുടേയും കൃസ്ത്യാനികളായ കോൺഗ്രസ്സുകാരുടേയും മറ്റെല്ലാവരുടെയും കൈവശമിരിക്കുന്ന ആദിവാസി ഭൂമി നഷ്ടപ്പെടാതെ (തിരിച്ച് കൊടുക്കാതെ) നോക്കാനുള്ള തന്ത്രം ജാനുവും സോളിഡാരിറ്റിയും ഗവൺമെന്റും ചേർന്ന് മെനയുകയാണിപ്പോൾ. ആന്റണി കൊടുക്കാമെന്ന് പറയുന്ന പതിനായിരം എക്കർഭൂമി നിക്ഷിപ്ത വനഭൂമിയാണ്. വനമേഖല വികസിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റും ചേർന്ന് നിക്ഷിപ്ത ഭൂമിയും, സ്വകാര്യ വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും കൈവശമുള്ള വനമേഖലയോട് ചേർന്ന് കിടക്കുന്ന ഭൂമികൾ തിരിച്ച് പിടിച്ച് കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പതിനായിരം ഏക്കർ നിക്ഷിപ്തവനഭൂമി ആദിവാസികൾക്ക് വാഗ്ദാനം ചെയ്യുന്നതിന്റെ പൊരുൾ എന്താണ്.? ഇതിന് വേറേയും ധാരാളം നിയമ പ്രശ്നങ്ങളുണ്ട്. എല്ലാം തീർന്ന് വരാനുള്ള സമയത്തിന്റെ മൂന്നിലൊന്ന് സമയം കൊണ്ട് മന്ത്രി സഭയുടെ കാലാവധി തീരുകയും ചെയ്യും.

ഇത്തരം ഒരു സമര നാടകത്തിൽ ആദിവാസികളെ കൂട്ടത്തോടെ തിരുനന്തപ്പുത്ത് എത്തിച്ച്, അവർക്ക് കിടക്കാനും, ഭക്ഷണം കഴിക്കാനും സൗകര്യം ഒരുക്കുന്നതും വാഹനം നൽകുന്നതുമൊക്കെ ആരാണെന്ന് ആർക്കും അൽപ്പം അന്വേഷിച്ചാൽ മനസ്സിലാകുന്നതാണ്.

***ആദിവാസി സമര നാടകും ആന്റണി മന്ത്രി സഭയും***

ആന്റണി മന്ത്രി സഭക്കും ഈ സമര നാടകം സൗകര്യമാണ്. ജാനുവിനെ പോലെ ഒരു പാവം നേതാവിനെ വെച്ച് അധികാരത്തിൽ വന്നയുടനെ ഇത്തരമൊരു സമര നാടകം നടത്തിയാൽ, പ്രതിപക്ഷ പിന്തുണയോടെ നടത്താൻ സാധ്യതയുണ്ടായിരുന്ന ഒരു വൻ സമരം ഇല്ലാതാക്കി തന്റെ ഭരണം സുരക്ഷിതമാക്കാൻ, ആന്റണിയുടെ വിമോചന സമര സുഹൃത്തുക്കളുടെ പിൻമുറക്കാർ അരയും, തലയും മുറുക്കി ജാനുവിന്റെ നിഴലുകളുമായി കൂടെയുണ്ട്. ജാനു ഇവിടെ പറയുന്നതായിരിക്കും കൂടുതൽ ശരി. കാരണം അവർ ചൊല്ലിക്കൊടുക്കുന്നതാണ് ജാനു എല്ലായിടത്തും ഉരുവിടുന്നത്. ആദിവാസി മേഖലയിൽ ഒരിക്കൽ കൂടി സ്വാധീനം ഉറപ്പിക്കാൻ മിഷിനറി സംഘങ്ങൾക്ക് ഇത് സൗകര്യമൊരുക്കും. ഈ പേരും പറഞ്ഞ് സോളിഡാരിറ്റിക്കും, മറ്റ് സംഘടനകൾക്കും വിദേശ സംഘടനകളിൽ നിന്ന് ഡോളറുകൾ വാരാം. ഒരു പങ്ക് ജാനുവിനും സിൽബന്ധികൾക്കും സമര നാടകത്തിന്റെ പേരിൽ ലഭിക്കും. ഇതിന് സംഘ് പരിവാരും, സി. പി. എമ്മും മൗനാനുവാദം നൽകുന്നു. കാരണം അവരുടെ നേതാക്കളുടെയൊക്കെ കൈവശം ആദിവാസി ഭൂമിയുണ്ട്. (ഉദാഹരണത്തിന് നിരവധി

അമ്പലങ്ങളുടേയും എം. പി. വിരേന്ദ്ര കുമാറിനെ പോലുള്ള ഇടത് പക്ഷ മുതലാളി മാരുടേയും കൈവശം ആയിരക്കണക്കിന് ഏക്കർ ആദിവാസി ഭൂമിയുണ്ട്.). ഇത് കൈവിട്ടു പോകാതിരിക്കാൻ ജാനു എന്ന പാവ നേതാവിനെ വെച്ച് നടത്തപ്പെടുന്ന സമരനാടകം തന്നെയാണ് നല്ലതെന്ന ബോധം ഇവർ ക്കെല്ലാമുണ്ട്. ഇവരെക്കെ നിയന്ത്രിക്കുന്ന മാധ്യമങ്ങൾ ഈ സമര നാടകത്തിന് കൈയടിച്ച് സഹായിക്കുന്നതിന്റെ പൊരുൾ മറ്റൊന്നല്ല. ഇതിനോടൊപ്പം തന്നെ, കേരളത്തിലെ ആദിവാസി മേഖലയിൽ പണം വാരി എറിഞ്ഞ്, മിഷനറി പദ്ധതിയെ എതിർക്കാനെന്ന് പറഞ്ഞ്, അവരുടെ അന്താരാഷ്ട്ര നിധിയിൽ (മിഷനറി പ്രവർത്തനത്തെ ചെറുക്കാൻ വിഎച്ച്പി അന്ത്രരാഷ്ട്ര നിധി സ്വരൂപിക്കുന്നുണ്ട്) നിന്നും ഡോളറുകൾ വാരിക്കൂട്ടാം. അതിന്റെ പങ്കും ജാനുവിന് കൈപ്പറ്റാം.

ആദിവാസി ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട്, എത്രയോ വർഷങ്ങളായി നിലനിൽക്കുന്ന ഒരു കേസിലും, ജാനുവോ ജാനുവിന്റെ സംഘടനയോ, സോളിഡാരിറ്റിയോ, മറ്റ് ബന്ധപ്പെട്ട സംഘടനകളോ, ജാനുവിന്റെ സിൽബന്ധികളോ ഇക്കാലമത്രയായിട്ടും കക്ഷി ചേർന്നിട്ടില്ല എന്നയാഥാർത്ഥ്യം വിരൽ ചൂണ്ടുന്നത് ഏത് സത്യത്തിലേക്കാണ്? ഇവർക്കൊന്നും ഈ പ്രശ്നത്തിന് ന്യായമായ പരിഹാരം കാണുന്നതിൽ താൽപ്പര്യമില്ല എന്ന ദുരന്ത സത്യത്തിലാണ് ഈ അന്വേഷണം നമ്മളെ എത്തിക്കുന്നത്.

ജാനു എന്ന പാവ നേതാവ് എങ്ങിനെ സൃഷ്ടിക്കപ്പെട്ടു എന്നും, ആർക്ക്‌വേണ്ടി ഈ പാവനേതാവ് രംഗത്ത് വന്നുവെന്നും, ഇത്തരം ഒരു പാവ നേതാവിനെ ഉപയോഗിച്ച് സമരനാടകം നടത്തിയത് എന്തിനായിരുന്നുവെന്നും മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്ന് വ്യക്തമായിട്ടുണ്ടാകുമെന്ന് കരുതുന്നു.

ജാനു നേതാവായി സമര നാടകം കളിക്കുന്നത് ആദിവാസി ഭൂമി കൈയേറിയവർക്കും, അവരുടെ സന്നദ്ധ സംഘടനകൾക്കും, അവരുടെ രാഷ്ട്രീയ പാർട്ടികൾക്കും വേണ്ടിയാണ്. ജാനുവിന്റെ കുടെ നടക്കുന്നവരിൽ നല്ലൊരു ഭാഗത്തിന് ഈ സമര നാടകത്തിന്റെ എല്ലാവശവും അറിയാമെന്നാണ് അവരുടെ പെരുമാറ്റത്തിൽ നിന്ന് മനസ്സിലാകുന്നത്. ഇത് മനസ്സിലാക്കാതെ, ധാർമ്മികതയുടെയും, നീതിയുടെയും പേരിൽ അവരെ സഹായിക്കുന്ന നിരവധിസാമൂഹ്യ പ്രവർത്തകരും, പത്രപ്രവർത്തകരും, വ്യക്തികളും ഈകൊടും വഞ്ചനയുടെ ആഴം തിരിച്ചറിയാൻ ശ്രമിക്കണമെന്ന് ആഗ്രഹിച്ചത് കൊണ്ടാണ് ഈ കുറിപ്പ് എഴുതിയത്.

കെ. പാനൂർ,

കെ. പാനൂർ,
(PO). പാനൂർ
കണ്ണൂർ (Dt.)